ബഹുമാനപ്പെട്ട ഗൗരിയമ്മയെപ്പോലും കബളിപ്പിച്ചുകൊണ്ട് 125 ഏക്കറോളം നിലം നികത്താൻ പോകുന്ന നടപടിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. മാത്രമല്ല ഉദ്യോഗസ്ഥന്മാർ മിണ്ടാതിരിക്കേണ്ട കാര്യമെന്താണ്? ഗവണ്മെന്റ് തീരുമാനം നടപ്പാക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥന്മാർ മര്യാദകേട് കാണിച്ചിരിക്കുന്നു എന്നതുകൊണ്ട് അവരുടെ പേരിൽക്കൂടി നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്ന് താൽപ്പര്യപ്പെടുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): എന്നെ കബളിപ്പിക്കാൻ.....എന്റെയടുത്ത് ആരും പെറ്റിഷൻ തന്നിട്ടില്ല. അതുകൊണ്ട് എന്നെ കബളിപ്പിക്കാമെന്ന്, ജോർജ് വിചാരിക്കണ്ട. 13-7-2004-ൽ കെ. ജെ. എബ്രഹാം കളമണ്ണിൽ, കോഴഞ്ചേരി എന്ന ഒരാൾ പത്തനംതിട്ട കളക്ടർക്ക് നിലം നികത്താൻ ഒരു അപേക്ഷ കൊടുത്തിട്ടുണ്ട്. ഇതുപോലെ നികത്തൽ ധാരാളം നടക്കുന്നുണ്ട്. അതുകൊണ്ടാണ് 5 സെന്റ് നികത്താൻ കൊടുത്തിരുന്ന അനുവാദം സ്വന്തമായി വേറെ ഭൂമിയില്ലാത്തവനും, കുടുംബമായി താമസത്തിന് വീടില്ലാത്തവനുമായി നിജപ്പെടുത്തിയത്. ശക്തന്മാരായ ചിലർ ഇതിന്റെ പിന്നിലുണ്ട്. കരിമണൽ കേസ് വന്നപ്പോൾ അതിന്റെ പരാതികളുമായി ചില ആളുകൾ വന്നു. ഭൂമി വാങ്ങിക്കൊടുക്കാൻ നടന്നവരും അതുപോലെ ശക്തന്മാരായ ചിലയാളുകളും ഇതിന്റെ പിന്നിലുണ്ടെന്നാണ് മനസ്സിലാകുന്നത്. തീർച്ചയായും ഗവണ്മെന്റിനെ സ്വാധീനിക്കാൻ കഴിയുകയില്ല. കളക്ടർ അനുവാദം കൊടുത്തിട്ടില്ല. കൃഷി വകുപ്പിന് ഇതിനെപ്പറ്റി അറിയില്ലായിരുന്നു. കൃഷിവകുപ്പ് ഇത് കണ്ടയുടൻ എന്തുകൊണ്ട് ഇത് തടഞ്ഞില്ല. എന്തുകൊണ്ട് നികത്തൽ നിർത്തിയില്ല എന്നതു സംബന്ധിച്ച് ഒരു നോട്ടീസ് കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അനധികൃതമായ നികത്തൽ അനുവദിക്കുകയില്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

(7) ചെല്ലാനം പഞ്ചായത്തിൽ കടലാക്രമണത്തിനിരയായ മൽസ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മേയ് മാസം ആദ്യവാരത്തിൽ കേരളത്തിലുണ്ടായ അതിരൂക്ഷമായ കടലാക്രമണംമൂലം ഏറ്റവുമധികം നാശനഷ്ടമുണ്ടായത് എറണാകുളം ജില്ലയിലാണ്. കടലാക്രമണത്തെത്തുടർന്ന് എന്റെ നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ 1800 വീടുകൾക്ക് കേടുപാടുണ്ടായി. വള്ളവും വലയുമൊക്കെ നശിച്ചു. കളക്ടർ റിപ്പോർട്ടു ചെയ്തത് ഏകദേശം 50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിയെന്നാണ്. ആകെ കൊടുത്തത് ഒരാഴ്ചത്തെ സൗജന്യറേഷൻ മാത്രം. കുറച്ച് മണ്ണുചാക്ക് വച്ചു. ആകെ അഞ്ചുലക്ഷം രൂപയാണ് ജില്ലയ്ക്ക് മൊത്തം കിട്ടിയത്. ആ പഞ്ചായത്തിൽ മാത്രം 50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി. എല്ലാപേരും പാവപ്പെട്ടവരാണ്. അടിയന്തിരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾ നശിച്ചുപോയി. അവർ കടമെടുത്ത പണമാണ്. അടിയന്തിരമായി നഷ്ടപരിഹാരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചെല്ലാനം പഞ്ചായത്തിൽ ആയിരം വീടുകൾക്കും കൊച്ചി താലൂക്കിൽ 4131 വീടുകൾക്കും കേടുപാടു സംഭവിച്ചിട്ടുണ്ട്. ചെല്ലാനം പഞ്ചായത്തിൽ വല നഷ്ടപ്പെട്ടത് സംബന്ധിച്ച് 15 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. കൊച്ചി താലൂക്കിലാകെ 50 ലക്ഷം രൂപയുടെ നഷ്ടമാണ് റവന്യൂ ഡിപ്പാർട്ടുമെന്റ് അസസ് ചെയ്തിരിക്കുന്നത്. ഇപ്പോൾ ഡിസ്ട്രിക്ട് കളക്ടറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള തുകയിൽനിന്ന് ചെലവ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുൾ ബഡ്ജറ്റ് പാസ്സാക്കുമ്പോൾ മുഴുവൻ നഷ്ടപരിഹാരവും കൊടുത്തുതീർക്കുവാൻ കഴിയും.

IV. പരാമർശം

ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കാത്തതു സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 38 അനുസരിച്ച് അംഗങ്ങൾ ചോദ്യങ്ങൾക്കുള്ള നോട്ടീസ് പന്ത്രണ്ട് ദിവസം മുൻകൂട്ടി എഴുതിക്കൊടുക്കണം. ബഹുമാനപ്പെട്ട സ്പീക്കർ അത് അനുവദിച്ചാലേ ഇവിടെ നിന്നും മറുപടി കിട്ടൂ. അങ്ങനെ ചോദിച്ചാൽ വ്യക്തമായിട്ട് ഉത്തരം കിട്ടേണ്ടതായിരുന്നു. ജൂൺ മാസം 15-ാം തീയതി കൊടുത്തതിന് ജൂൺ മാസം 28-ാം തീയതി ഉത്തരം കിട്ടേണ്ടതായിരുന്നു. ചോദ്യങ്ങൾക്ക് മറുപടിതരുന്നതിൽ മുഖ്യമന്ത്രി വളരെയധികം താൽപ്പര്യമെടുക്കുന്നുണ്ടെന്ന കാര്യം ഞാൻ അംഗീകരിക്കുന്നു. ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മിക്കവാറും മറുപടി കിട്ടുന്നത് മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നുമാത്രമാണ്. മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നും 28-ാം തീയതി ഉത്തരം കിട്ടേണ്ട രണ്ട് ചോദ്യങ്ങൾക്ക് ഇതുവരെ ഉത്തരം കിട്ടിയില്ല. 104-ഉം 109-ഉം ചോദ്യങ്ങൾക്കാണ് ഉത്തരം കിട്ടേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ മാസം 15-ാം തീയതിവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്ന രണ്ട് സമാന ഗതിയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയില്ല. സാധാരണ 'വിവരം ശേഖരിച്ചുവരുന്നു' എന്ന് ഉത്തരംകിട്ടും. അത്തരത്തിലുള്ള ഒരു ഉത്തരംപോലും ഈ രണ്ട് ചോദ്യങ്ങൾക്കും കിട്ടിയില്ല. മുഖ്യമന്ത്രിയുടെ വകുപ്പിൽ ഇങ്ങനെ നടക്കാത്തതാണ്. ഇന്നലെ പറഞ്ഞതും ഇതും തമ്മിൽ എന്താണ് വസ്തുത എന്നതു പരിശോധിക്കണം. ഉത്തരം കിട്ടാത്ത കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുകയാണ് എന്റെ ഉദ്ദേശ്യം. അങ്ങ് ഈ കാര്യം പ്രത്യേകം ശ്രദ്ധിച്ച് ഞങ്ങൾക്ക് ഉത്തരം ലഭ്യമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം ശ്രദ്ധിക്കും.

V. റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly